പങ്കാളിത്തത്തിൽ സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ കീഴിൽ കോഴിക്കോട് ജില്ലയിലെ വടകരയിൽ ഈവർഷംതന്നെ അദ്ധ്യയനം നൽകത്തക്കവിധം കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എറണാകുളത്ത് ഒരു മെഡിക്കൽ കോളേജ് തുടങ്ങുന്നതിനാവശ്യമായ പ്രാരംഭനടപടികൾ അക്കാഡമി സ്വീകരിച്ചു വരുന്നു.

(സി) സംസ്ഥാനത്ത് കോ-ഓപ്പറേറ്റീവ് അക്കാഡമി ആരംഭിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ള മെഡിക്കൽ/എഞ്ചിനീയറിംഗ് കോളേജുകൾക്ക് പൊതുനന്മാ ഫണ്ടിൽ നിന്നും കോൺട്രിബ്യൂഷൻ നൽകുന്നതിന് രജിസ്ട്രാർ പെർമിസ്സിവ് സാങ്ഷൻ നൽകിയിട്ടുണ്ട്.

(ഡി) അനുമതിയുടെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.† 7/5/99-ലെ സർക്കുലർ നം. 20/99).

(ഇ) 31.5.99-ലെ തുക അറിയണമെങ്കിൽ 98-99-ലെ ആഡിറ്റ് പൂർത്തിയാകണം.

(എഫ്) റിസർവ് ബാങ്കിന്റെ 16.3.91-ലെ സർക്കുലറിലെ ക്ലാസ് (എ) അനുസരിച്ച് പൊതുനന്മാഫണ്ട് ഏത് ഉദ്ദേശത്തിനാണോ നിശ്ചയിച്ചിരിക്കുന്നത് അതിന് ഉപയോഗിക്കാൻ വ്യവസ്ഥയുണ്ട്. ക്ലാസ് (ബി) അനുസരിച്ച് തലേവർഷം പ്രസിദ്ധീകരിച്ച ലാഭത്തിന്റെ രണ്ട് ശതമാനം സംഭാവന വരെ കൊടുക്കാനും വ്യവസ്ഥയുണ്ട്.

141 (285) കോഴിക്കോട് ജില്ലയിലെ നീതിസ്റ്റോറുകൾ

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ എത്ര നീതിസ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇവയിൽ എത്ര നീതിസ്റ്റോറുകൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 70 എണ്ണം.

(ബി) വലിയ ലാഭമോ നഷ്ടമോ വരാതെ പ്രവർത്തിക്കാനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. നീതിസ്റ്റോറുകളുടെ അക്കൗണ്ടസ് ഫൈനലൈസ് ചെയ്തു വരുന്നതേയുള്ളൂ.

142 (286) നീതി മെഡിക്കൽ സ്റ്റോറുകൾ

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) കോഴിക്കോട് ജില്ലയിൽ എത്ര നീതി മെഡിക്കൽ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) ആശുപത്രികൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന എത്ര ഷോപ്പുകൾ ഉണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഒന്ന്.

(ബി) കോഴിക്കോട് ജില്ലയിൽ ആശുപത്രികൾ കേന്ദ്രീകരിച്ച് കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ നീതി മെഡിക്കൽ സ്റ്റോറുകൾ ഒന്നും പ്രവർത്തനം ആരംഭിച്ചിട്ടില്ല.

143 (287) നീതിസ്റ്റോറുകൾ

ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ടി.എസ്. ജോൺ :
ശ്രീ. പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര നീതിസ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇവയുടെ പ്രവർത്തനം തൃപ്തികരമാണോയെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) നീതിസ്റ്റോറുകളിലേയ്ക്കാവശ്യമുള്ള സാധനങ്ങൾ എത്തിക്കുന്നതിന് കാലതാമസമുണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതു പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(എഫ്) നീതിസ്റ്റോറുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1010 എണ്ണം.

(ബി)&(സി) നീതിസ്റ്റോറുകളുടെ നടത്തിപ്പു സംബന്ധിച്ചുള്ള കാര്യങ്ങൾ അവലോകനം ചെയ്യാനായി സഹകരണ വകുപ്പുമന്ത്രി ചെയർമാനായുള്ള സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി കാലാകാലങ്ങളിൽക്കൂടി ടി സ്റ്റോറുകളുടെ പ്രവർത്തനം വിലയിരുത്തി വരുന്നു. കൂടാതെ സഹകരണ വകുപ്പ് ഉദ്യോഗസ്ഥന്മാർ നീതിസ്റ്റോറുകൾ കാലാകാലങ്ങളിൽ പരിശോധന നടത്തി ശ്രദ്ധയിൽപ്പെടുന്ന പോരായ്മകൾ അപ്പോഴപ്പോൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവയുടെ പ്രവർത്തനം വിലയിരുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ജില്ലാതലത്തിലും പ്രാദേശിക തലത്തിലും ജനപ്രതിനിധികൾകൂടി ഉൾപ്പെടുന്ന സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly